പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 652 — 11.06.2014-ൽ മറുപടിക്ക്

## 'അമൃതം ആരോഗ്യ പദ്ധതി'

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ ; | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) ജീവിതശൈലീ രോഗങ്ങൾ ബാധിച്ചവർക്ക് ആരോഗ്യ വകുപ്പിന്റെ 'അമൃതം ആരോഗ്യ പദ്ധതി' പ്രകാരമുള്ള സൗജന്യ മരുന്നു വിതരണം നിലച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' പദ്ധതി വഴി നടത്തി വന്ന സൗജന്യ മരുന്ന് വിതരണം നിലച്ചതായി ചില മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വാർത്തയുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ ആശുപത്രികളിലും, ആരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സംഭരണ കേന്ദ്രങ്ങളിലും, നിലവിലുള്ള മരുന്നുകളുടെ കണക്ക് (സ്റ്റോക്ക്) ആരോഗ്യ മന്ത്രി പങ്കെടുത്ത ഉന്നത തല യോഗത്തിൽ വച്ച് വിലയിരുത്തുകയുണ്ടായി. ഈ യോഗത്തിൽ, ജീവിത ശൈലീ രോഗങ്ങൾക്ക് ഉപയോഗിക്കുന്ന ചില മരുന്നുകൾക്ക് ചില സ്ഥലങ്ങളിൽ കുറവുണ്ട് എന്ന് കണ്ടെത്തിയിരുന്നു. എങ്കിലും "മരുന്ന വിതരണം പൂർണ്ണമായി നിലച്ചു" എന്ന വാർത്ത അടിസ്ഥാന രഹിതമാണെന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിന് പ്രോട്ടോകോൾ പ്രകാരം 12 ഇനം മരുന്നുകളും, അതിനു പുറമെ ഏകദേശം 25 ഇനം മരുന്നുകളും ആരോഗ്യ വകുപ്പ് വഴി വിതരണം ചെയ്യുന്നുണ്ട്. ഇതിൽ ചില ഇനങ്ങളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തിര മാർഗ്ഗങ്ങളും, നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 'അമൃതം ആരോഗ്യം' പദ്ധതിയ്ക്ക് ആവശ്യമായ മരുന്നുകൾ, ആദ്യവർഷമായ 2012-13 ലും, രണ്ടാം വർഷമായ 2013-14 ലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി വിതരണം ചെയ്യുകയായിരുന്നു. ഇത് അപര്യാപ്തമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ജനറൽ ഇൻഡന്റ് വഴി മരുന്നുകൾ വാങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

(.....2)

(ബി) ഒരു വർഷം എത്ര പേർക്ക് 'അമൃതം ആരോഗ്യ പദ്ധതി' പ്രകാരം പ്രയോജനം ലഭിക്കുന്നു ;

(ബി) അമൃതം ആരോഗ്യം പദ്ധതി നിലവിൽ വന്ന് നാളിതുവരെ ഒരു കോടി മൂന്ന് ലക്ഷത്തി എൺപത്തിയാറായിരം പേരെ ജീവിതശൈലീ രോഗങ്ങൾക്കായുള്ള നിർണ്ണയത്തിന് വിധേയമാക്കുകയുണ്ടായി. ഇതിൽ 92 ലക്ഷത്തിൽപരം ജനങ്ങളെ ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജീവിതശൈലീ ക്ലിനിക്കുകളിലാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. ഇതിൽ നാലു ലക്ഷത്തിരണ്ടായിരം പേരിൽ പുതിയതായി പ്രമേഹവും, 4,95,716 പേരിൽ പുതിയതായി രക്താദിസമ്മർദ്ദ രോഗവും കണ്ടെത്തുകയുണ്ടായി. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി ഇരുപത്തിയൊന്ന് ലക്ഷത്തിൽ പരം രക്താദിസമ്മർദ്ദ രോഗികളും, പതിനഞ്ച് ലക്ഷത്തിൽ പരം പ്രമേഹ രോഗികളും ഇതിനുപുറമേ ഹൃദ്രോഗം, പക്ഷാഘാതം, അർബുദം തുടങ്ങിയ രോഗങ്ങൾ ബാധിച്ച രണ്ടുലക്ഷത്തോളം ജനങ്ങളും ഇന്ന് നിലവിലുണ്ട്.

(സി) നാളിതുവരെ എത്ര കോടി രൂപയ്ക്കാണ് മരുന്ന് വാങ്ങിയത് ; ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് മരുന്ന് വാങ്ങി വരുന്നത് ;

(സി) അമൃതം ആരോഗ്യം പദ്ധതി ആരംഭിച്ച 2012-13 വർഷത്തിൽ പ്രമേഹം, രക്താദിസമ്മർദ്ദം എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ഈ സമിതിയുടെ നിർദ്ദേശപ്രകാരം ഒരു ചികിത്സാ പ്രോട്ടോക്കോളും തയ്യാറാക്കുകയുണ്ടായി. ഈ പ്രോട്ടോക്കോളിൽ പറഞ്ഞിരിക്കുന്ന 12 ഇനം മരുന്നുകൾ അമൃതം ആരോഗ്യ പദ്ധതിയുടെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് നേരിട്ടു വാങ്ങി വിതരണം ചെയ്യാൻ തീരുമാനിക്കുകയും, ആദ്യവർഷം 8 കോടി രൂപ കോർപ്പറേഷന് കൈമാറുകയും ചെയ്തു. ഇത് പര്യാപ്തമല്ല എന്ന് ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ 4 കോടി രൂപ കൂടി കൈമാറുകയും മരുന്ന് വാങ്ങി നൽകുകയും ചെയ്തു. 2013-14 സാമ്പത്തിക വർഷം 4 കോടി രൂപ മരുന്ന് വാങ്ങുന്നതിനായി കൈമാറിയിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ നിന്ന് മരുന്ന് വാങ്ങുന്നത് അപര്യാപ്തമാകുന്നത് ബോദ്ധ്യപ്പെട്ടതിനാൽ എല്ലാ ആശുപത്രികളും അവരുടെ വാർഷിക ഇൻഡന്റിൽ ജീവിത ശൈലീ രോഗത്തിന്റെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ കൂടി ഉൾപ്പെടുത്തുവാൻ ആവശ്യപ്പെടുകയും അപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(....3)

(ഡി) പദ്ധതിക്ക് കേന്ദ്ര വിഹിതമായി എത്ര കോടി രൂപ ലഭിക്കുകയുണ്ടായി ;

(ഡി) അമൃതം ആരോഗ്യം പദ്ധതിക്ക് കേന്ദ്ര സഹായം ഒന്നും ലഭിച്ചിട്ടില്ല.

(ഇ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ടെണ്ടർ നടപടികളിലെ അപാകത മൂലമാണോ മരുന്ന വിതരണം നിലച്ചത് ; ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ?

(ഇ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ടെണ്ടർ നടപടികളിൽ അപാകതകൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ